# Mystic Memories




## G H S S Kaniyambetta

# എഡിറ്റോറിയൽ

വിവിധ മേഖലകളിൽ കഴിവുകൾ തെളിയിച്ച

മിടുക്കന്മാരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്ന

" മിസ്റ്റിക് മെമ്മറീസ് " ഡിജിറ്റൽ മാഗസിൻ

മനോഹരമാക്കാൻ ലിറ്റിൽ കൈറ്റ്സിന് സാധിച്ചതിൽ

സന്തോഷമുണ്ട്..........

ഈ മഹത്തായ പരിശ്രമത്തിന്

സഹായ സഹകരണങ്ങൾ നൽകി മാഗസിൻ മികവുറ്റതാക്കി

തീർത്തവർക്ക്

ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും എന്നെന്നും

നിലനിർത്തി കൊണ്ട്

സ്നേഹപൂർവ്വം മിസ്റ്റിക്ക്

മെമ്മറീസ് നിങ്ങളിലേക്ക്

സമർപ്പിക്കുന്നു

മരിയ കെ ജി

സ്റ്റുഡന്റ് എഡിറ്റർ

# EDITORIAL BOARD

JOSHY K JOSEPH



CHIEF EDITOR

N ABDUL GAFOOR



STAFF EDITOR

MARIYA K G



STUDENT EDITOR

# ADVISORY BOARD

MARIYAM MAHAMOOD CP



SITC

RAKESH P



KITE MASTER

BINDU M



KITE MISTRESS

SATHIDEVI



KITE MISTRESS

SHAJI PULPALLY



AKSHARAVEDI

# MEMBERS



VINAYAK S PRASAD



SREENANDA ANAND



ATHUL PRAKASH



SHAHANA SHERIN



BELGA ELIYAS



FATHIMATH SUHARA



AHAMMED RAFEEF



ABHINAV ANTONY



AKASH PRAVI

# OUR SCHOOL
# G.H.S.S KANIYAMBETTA

## SINCE : 1975





വിദ്യാർത്ഥികളിലെ
സർഗ്ഗവാസനകളും
സാങ്കേതികവിദ്യയുംസമ്മേളിക്കുമ്പോൾപുതിയ
വസന്തങ്ങൾ പിറക്കും ഡിജിറ്റൽ മാഗസിന്
എല്ലാവിധ ഭാവുകങ്ങളും....

വി.പി യൂസുഫ്

(പി.ടി.എ പ്രസിഡന്റ്)

# MESSAGE



*Little Kites, the prestigious IT Club initiative of KITE ,the High school Kuttikkoottam programme whichis a part of the Public Education Rejuvenation Mission of the State Government ,through which students are given intense training in different areas of information technology .*

*It is set to become the largest student IT network in the country that intends to the natural interest of students in IT and creative approach in the usage of technology and software. Undoubtedly it is evident, that it is in the right direction.*

*I am very happy to know about the intimation of my students at GHSS Kaniyambetta with a magazine inrelation with their little kites activities.in the year 2019-20.*

*This endeavour is highly appreciable and experts to open a new phase*

*I heartily congratulate the promoters of the venture and wishing all success.*

*SHIVI KRISHNAN*

*Principal*

# ആശംസ



കണിയാമ്പറ്റ ഗവ:ഹയർ സെക്കണ്ടറി സ്കൂൾ  ലിറ്റിൽ

കൈറ്റ്സ്  പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ

ഭാവുകങ്ങളും...

വിദ്യാർഥികളിലെ സർഗശേഷിയും സാങ്കേതിക പരിജ്ഞാനവും

പരിപോഷിപ്പിക്കാൻ ഇത്തരം പരിശ്രമങ്ങൾ സഹായകമാകട്ടെ.

സസ്നേഹം

**ജോഷി കെ ജോസഫ്**
**ഹെഡ്മാസ്റ്റർ**

# താളുകളിൽ........


| | |
|---|---|
| സാദിർ തലപ്പുഴയോടൊപ്പം | 10 |
| ചുടലക്കളം | 18 |
| अनुशासन | 19 |
| **Dream in the graveyard** | 22 |
| **Pollution** | 23 |
| പെൺപൂവ് | 26 |
| ഐക്യ ചോദ്യങ്ങൾ | 27 |
| സ്ത്രീ | 28 |
| വര | 29 |
| സ്വപ്നങ്ങൾ ക്രൂടെ | 31 |
| അക്ഷരവേദി കവിതാ പുരസ്കാരം | 32 |
| അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം | 34 |
| ചോദ്യങ്ങൾ | 39 |
| ചങ്ങാതിക്കൂട്ടം | 40 |

ജ്വലച്ഛായം 41

യാത്ര 42

ഗ്രാമം 43

സാഹിത്യശിൽപശാല 44

യുദ്ധം 45

അംഗീകാരം 46

പഴം കൊണ്ടൊരു കേക്ക് 47

കണിയാമ്പറ്റ ഗവ.ഹയർസെക്കന്ററി സ്ക്കൂൾ-

ചരിത്രവഴികളിലൂടെ 48

െഴുകുതിരിനിർമാണശാലയിൽ 61

ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് 63

THANK YOU 64


PLEASE QUITE
GENIUS
at
WORK

## അഭിമുഖം

# സാദിർ തലപ്പുഴയോടൊപ്പം

**താങ്കൾ എഴുത്തിലേക്ക് വന്ന സാഹചര്യം ?**

ഓരോ എഴുത്തുകാരനും സാഹചര്യങ്ങളിൽ നിന്നാണ് എഴുത്തിന്റെ വഴിയിൽ എത്തിപ്പെടുന്നത്. പരന്ന വായനയും എഴുത്തുകാരോടുള്ള അമിതമായ ഇഷ്ടവുമാണ് എന്നെ എഴുത്തിന്റെ ലോകത്ത് എത്തിച്ചത്. സ്കൂൾ ജീവിത കാലത്ത് ധാരാളം സാഹിത്യകാരൻമാരുടെ രചനകൾ വായിക്കാനും ആസ്വദിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. കോളേജ് ജീവിതം പല സാഹിത്യകാരൻമാരുമായി അടുത്തിടപഴകാനുള്ള സാഹചര്യം ഉണ്ടാക്കിത്തന്നിട്ടുണ്ട്. സർഗ്ഗാത്മകത ഉള്ളിൽ സൂക്ഷിക്കുന്ന ഒരാൾക്ക് തന്റെ വ്യക്തിത്വം മാറ്റി മറിക്കാൻ പറ്റുന്ന വലിയ ആയുധമാണ് വായന.



## പ്രചോദകമായ വ്യക്തികൾ ?

മറ്റുള്ളവരുടെ പ്രചോദനങ്ങൾ കൊണ്ട് ഒരാൾ എഴുത്തുകാരനായി മാറുന്നുവെന്ന് എനിക്ക് അഭിപ്രായമില്ല. സാംസ്കാരിക പ്രവർത്തനത്തിന്റെ വഴി കൃത്യമായി അടയാളപ്പെടുത്തുന്നതിന് മാതൃകകളെ വഴികാട്ടിയായി നാട്ടിവെയ്ക്കുന്നതിൽ അർത്ഥമില്ല.

വായനയിൽകണ്ടെത്തുന്നതാൽപര്യങ്ങൾ,ഇഷ്ടയിടങ്ങൾ.....ഇവയൊക്കെഎഴുത്തുകാരെ ഇഷ്ടപ്പെടാനും സ്നേഹിക്കാനും കാരണമായിട്ടുണ്ട്.സാംസ്കാരികമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിൽ എഴുത്തിന് അതിന്റേതായ ഒരു പങ്കുണ്ടെന്നത് വിസ്മരിക്കാൻ പറ്റില്ല.

## ജോലിഎഴുത്തിന് തടസ്സമാവുന്നുണ്ടോ ?



എന്റെ ജോലി പ്രയാസകരമായ ഒരു തൊഴിൽ തന്നെയാണ്.പക്ഷെ ഞാൻ ഏറെ ഇഷ്ടപ്പെടുന്ന ഒന്നു തന്നെയാണിത്.പോലീസുകാരൻ എന്ന മേലങ്കി എഴുത്തിന്റെ മേഖലയിൽ എനിക്ക് സ്വീകാര്യത മാത്രമാണ് സമ്മാനിച്ചിട്ടുള്ളത്.അതിൽ എനിക്ക് അഭിമാനമുണ്ട്.ഏത് ജോലിയും ഇഷ്ടപ്പെട്ട് ചെയ്യുമ്പോൾ അത് സുന്ദരമാകും.പരിമിതികൾ ഉണ്ടെങ്കിലും എന്റെ ജോലി എഴുത്തിന് തടസ്സം നിന്നിട്ടില്ല.

**എഴുത്തുകാർ മുമ്പത്തേ പോലെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ടു കാണുന്നില്ല.എന്തേ കാരണം ?**

എഴുത്തുകാർ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നുണ്ട്.പണ്ടത്തെ പോലെ ശക്തമല്ലെങ്കിലും പുതിയ തലമുറയിലെ സാഹൃത്യകാരന്മാർ കാലിക വിഷയങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്.പാലക്കാട് ജില്ലയിലെ ഒരു സ്കൂൾ വിദ്യാർത്ഥിനിയായ ആർച്ച , ഇപ്പോൾ ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ വിമർശിച്ചെഴുതിയ കവിത ഏറെ ശ്രദ്ധനേടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തു ഒന്നാണ്.കഥയായും കവിതയായും മലയാള സാഹിത്യ രംഗം സാമൂഹ്യപ്രശ്നങ്ങളെ വിമർശന വിധേയമാക്കുന്നുണ്ട് . ഇവിടെ നിലനിന്നിരുന്ന പഴയ സാംസ്കാരിക ഭൂമിക ഏറെ മാറിയിട്ടുണ്ട്.അതിനനുസരിച്ച് വായനയും സമൂഹത്തിന്റ തൽപരതയും കുറഞ്ഞ് പോയിട്ടുണ്ട്.



**കവികളുടെ ധാരാളിത്തം കവിതയെ ബാധിച്ചിട്ടുണ്ടോ ?**

കവികളും കവിതകളും സമൂഹത്തിൽ എമ്പാടും ഉണ്ടായിവരട്ടെ . കവികളുടെ ആധിക്യം ജനാധിപത്യത്തിന് ഗുണകരമാണ്.മൊബൈൽ ഫോണിന്റെ ചതുരങ്ങളിൽ ഒതുങ്ങിപോകുന്ന ആധുനികന് മറ്റുള്ളവരുടെ വ്യഥകളിലേക്കും സ്വപ്നങ്ങളിലേക്കും ഇറങ്ങിച്ചെല്ലാൻ ഇത്തരം സർഗാത്മകതകൾ കൊണ്ട് സാധിക്കും.സ്വന്തത്തിനപ്പുറമുള്ള നന്മകൾ കാണാൻ കവിതകൾകൊണ്ട് കഴിയുമെന്നാണെന്റെ വിശ്വാസം. ഈ കെട്ടകാലത്ത് അന്യന്റെ ആധിയെക്കുറിച്ചുള്ള വേവലാതി അടയാളപ്പെടുത്താൻ കവികൾക്ക് സാധ്യമാകുന്നുണ്ട്.

**വായന കുറയുന്നുണ്ടോ ?**



**കുട്ടികളുടെ ഇപ്പോഴത്തെ വായനയെക്കുറിച്ച് അങ്ങയുടെ അഭിപ്രായം**

ഇപ്പോഴത്തെ കുട്ടികൾ വായനയിൽ ഏറെ പിന്നിലാണ്. ത്യാഗമനോഭാവമില്ലാത്ത പുതുതലമുറയുടെ സാഹിത്യ തൽപരയില്ലായ്മ ഇതിനുള്ള കാരണമാവാം.സിലബസ്സിനപ്പുറത്തേക്ക് സഞ്ചരിക്കാനുള്ള വഴികൾ വിദ്യാർഥികൾക്ക് വളരെ കുറവാണ്. കാഴ്ച്ചകൾ കൂടുകയും കേൾവിയുടെ അവസ്ഥകൾ കുറഞ്ഞ് വരികയും ചെയ്തത് ഈ വഴിയിലെ പ്രശ്നമാണ്. പുതിയ കാലത്ത് വായന വഴിമാറിപ്പോകാൻ മറ്റ് പലകാര്യങ്ങളുമുണ്ട് . വായനയുടെ അളവ് കുറയുന്നതിൽ ദൃശ്യ സംസ്കാരത്തിന് വലിയ പങ്കുണ്ട്.

**ലോക സാഹിത്യത്തോട് ചേർത്തുവെയ്ക്കാൻ കഴിയുന്ന ശക്തമായ രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ ?**

ലോകസാഹിത്യത്തെ എത്തിപ്പിടിക്കാൻ മലയാളത്തിലെ ചെറുകഥകൾക്ക് സാധിക്കുന്നുണ്ട്. അനുഭവങ്ങൾ പല ദിക്കിലും പല വിധമാണ്. എന്നാൽ പാശ്ചാത്യ സാഹിത്യത്തോടൊപ്പം മത്സരബുദ്ധിയോടെ നില നിൽക്കാൻ നമ്മുടെ കഥകൾക്ക് കഴിയുന്നുണ്ട്.

മനുഷ്യത്വം കുറഞ്ഞു കൊണ്ടിരിക്കുന്ന കാലത്ത് എഴുത്തുകാരൻ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം ?

കവികൾ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. കവിതയും സിനിമയും താരതമ്യം ചെയ്യുമ്പോൾ അഭ്രപാളിയിലെ തിളക്കങ്ങൾക്ക് തന്നെയാണ് ശ്രദ്ധ കിട്ടുക. തൊലിപ്പുറത്തെ രോമാഞ്ചത്തെ സ്നേഹിക്കുന്നവരാണ് പുതുതലമുറ. പക്ഷെ ഇന്ന് കത്തിനിൽക്കുന്ന പൗരത്വ നിയമ ഭേദഗതി പ്രശ്നത്തിൽ ജ്വലിച്ച നിൽക്കുന്ന ചിന്തകൾക്ക് തിരി കൊളുത്തിയത് കാമ്പസിലെ യുവരക്തങ്ങളാണ്. സിനിമാരംഗത്തുള്ളവരെക്കാൾ പൊതുജനം ശ്രദ്ധ കൊടുത്തത് സർഗ്ഗാത്മകത വിരയുന്ന കൗമാരങ്ങളിലേക്കാണ്. പേനയെ പേടിക്കുന്നവരാണ് ഫാസിസ്റ്റുകൾ. ഉലികയെ ഭയപ്പെടുന്ന ഇത്തരം ആളുകൾ ഭരണരംഗത്തുള്ളപ്പോൾ എഴുത്ത് വെല്ലുവിളിയായി നിലനിൽക്കും. കവിയെന്ന നിലയിൽ ഈ വെല്ലുവിളികൾ അതിജയിക്കാൻ ഞാനും തയ്യാറാവേണ്ടതുണ്ട്.

എഴുത്തുകാരന്റെ കൈമുതൽ പേനയും കടലാസുമാണ്. അംഗീകാരങ്ങൾക്കപ്പുറം എഴുത്തിന്റെ വിഷയവും മൂർച്ചയും പ്രധാനമാണ്. വീടും പരിസരവും കവിതയ്ക്കും രചനയ്ക്കും പാകമാകേണ്ടതുണ്ട്. എന്റെ മകൾ സിയാന യാസ്മിൻ കവിതയെഴുത്തിന്റെ

വഴിയിലേക്ക് കാലെടുത്ത് വച്ചത് അഭിമാനകരമാണ്. ഒരു പിതാവെന്ന നിലയ്ക്കല്ല, പുതിയ തലമുറയിലെ ഒരു പെൺകുട്ടിയെന്ന നിലയിൽ അവളുടെ ചുവടുവെയ്പ്പിൽ എനിക്കേറെ പ്രതീക്ഷകളുണ്ട്.



# ചുടലക്കളം

ഞാനറിയുന്നു മരണത്തിന്റെ ഗന്ധവും
ജീവിതത്തിന്റെ പച്ചനിറവും
പച്ചയാം ജീവിതം തുറന്നു കാട്ടുന്നു
നിത്യദുരിതത്തിൻ നേർക്കാഴ്ച്ചകൾ
പെറ്റുവീഴുന്ന പിഞ്ചുപൈതൽമുതൽ
ആസന്ന മൃതിയെ വരിക്കാൻ ഒരുങ്ങിയ
ജന്മപാപപുണ്യങ്ങളെ
ഞാൻ തിരിച്ചറിയുന്നു
ഇറ്റുമുലപ്പാലിനായ് കേണുകരയുന്ന
കുഞ്ഞേ നീ...
അറിയുക മൃതിയല്ലോ സുഖപ്രദം
പിച്ചവയ്ക്കണം മുട്ടിലിഴയണം
ചുറ്റും കാണുന്നതൊക്കയും ഗ്രഹിക്കണം
വിസ്മരിക്കാൻ പാടില്ലൊരിക്കലും

അരുത് നീ പറയരുത്...
ജീവിതം മടുത്തുവെന്നൊരിക്കലും
ജീവിക്ക നീ ഒരു ദാസ്യനെ പോലെ
ഒരു ശ്വാനനെ പോലെ
ഒടുവിൽ വന്നണയും നിന്റെ
വരനാം ശമനൻ.
ജന്മപാപപുണ്യങ്ങളേറ്റുപറവാൻ,
ശിക്ഷയേറ്റുവാങ്ങുവാൻ ഒരുക്കുക
നിന്റെ മനസ്സിനെ നീ
തളരരുത് കരയരുത്
കണ്ണീർ പൊഴിക്കരുത് നീ
ഒരിക്കലും..........
വന്നണഞ്ഞല്ലോ നിന്റെ
അനംഗനാം കൃതാന്തൻ
ഇനി മൊഴിയാം ഒരു വാക്കു മാത്രം
വിട,...സമസ്തലോകത്തിനും വിട
സമസ്തജീവജാലങ്ങൾക്കും വിട
വിട....വിട....വിട....

ലക്ഷ്മി കെ

# अनुशासन

## 1.अनुशासन का मतलब

अनुशासन का मतलब है शासन को पालन करना या नियमों का पालान करना नियत्रण या व्यवस्था| विध्यार्थी और अनुशासन के परस्पर गहरा सबंध है| अनुशासन के बिना शिक्षा गृहण करने कार्य नहीं किया जा सकते |

## 2.अनुशासन की पहली पाठशाला

अनुशासन की पहली पाठशाला आपनी परिवार है| जो बच्चे अपने परिवार मे जैसे दिखते है वैसे ही आचरण करते है | जो माता-पिता अपने बच्चों को अनुशासन मे देखना चाहते है तो वह स्वयं अनुशासन में रहते है|जो माता-पिता अपनी बच्चो को अनुशासन के पाठ घर पर ही देते है तो वह समाज मे अच्छा स्थान स्वीकार कर सक्ते है|

## 3.व्यक्तिगत और सामाजिक जीवन मे अनुशासन आवश्क

विद्यार्थीी जीवन मे अनुशासन का होना अत्यंत आवश्यक है|विद्या ग्रहण करने के मार्ग में अनेक बाधायें सामने आते है| अव्यवस्था सबसे बडी बाधा है|विघ्यार्थी अपनी दिनाचर्य को निश्चित व्यवस्था में नहीं डाल पाते | कभी-कभी वे व्यवस्था बनाते है पर व्यवस्था का पालन नही कर सकते| अन्यआकर्षण,दूरदर्शन के कार्यकृम ,चलचित्र, मनोरंजन, गप्पे,खेल,कामचोरी,आलस्य आदि बच्चो को विद्यो ग्रहण करने के मार्ग से भटका देता है| बाधा से लडने का मार्ग है कठोर अनुशासन|.गाँधी जी कहते थे-

अनुशासन और अव्यवस्था के लिये वही काम करते है जैसे तूफान और बाढ के समय जहाज और किले |

## 4.अनुशासन :महत्वपूर्ण जीवनमूल्य


वास्तव मेंअनुशासन मे रहना आदत है ,व्यक्ति का स्वभाव है| यह जीवन जीने का ढग है |जिसके बिना जिदंगी में नही रह सकते|सभ्य मनुष्य अनुशासन के बिना नही जी सकते| आज सभ्यता और असभ्यता के यही पहचान रह गया है-अनुशासन|यही कारण है कि बडे-बडे विद्यालयों में अनुशासन का सर्वोच्च स्थान है|वे विद्यार्थियों के बोल-चाल,वेश-भूषा नियमतता आदि का ध्यान रखते है | पुस्तकीय विद्या के बचाय सुरक्षित व्यक्यित्व सृजन करते है|

## 5.विद्यार्थी जीवन

हमारे पुराने पुस्तकों मे विद्यार्थियों के ये पाँच विशेषता वर्णित है|यह सभी के लिये आवश्यक है जो किसी भी कार्य करने के लिये जरूर है| हमे हमेशा अनुशासन मे रहना चाहिये और

अपने जीवन मे सफल होने के लिये अपने अध्यापिका और माता-पिता के आदेशाों का पालन करना चाहिये | हमे सुबह जल्दी दातों साफ करने के बाद नहाना चाहिये | बिना खाना लिये स्कूल जाना नहीं चाहिये|हमे सही समय पर स्वच्छता से अपना गृहकार्य करना चिहिये| हमे कभी भी अपने माता-पिता की बातों का निरादर नकारना या दुखी नहीं करना चाहिये |हमे अपने स्कूल मे पूरे यूनिफार्म मे और सही समय पर जाना चाहिये| हमे साफ लिखावट से अपना कार्य करना चाहिये तथा सही समय पर दिये गये पाठ को याद करना चाहिये|

हमे  अपने  अध्यापक, चैकीदार, खाना बनाने वाले या विद्याथियों को बुरा नही बनाना चाहिये| हमे सभी के साथ  अच्छा व्यवहार करना चाहिये चाहे वह घर , स्कूल , कार्यालय या दूसरी जगह हो  अनुशासन के बिना जीवन मे सफल होना चाहिये|




krishnapriya

9F

# Dream in the graveyard

Dream was a cruel murder
When I slept reclined in night
Dream was extremely colder
When I sat there in my flight.

Sometimes it turns as jewels
Of wonderful life.
Sometimes it works cruel
To withdraw my light.

In the wings of dream
I was a bird.
In the depth of the sea
I was a fish.

It's a crystal give me hope
Not to end life in the rope
And to follow dream,
Even it is rough.
To suck my happiness
Even it is sorrow.

Dream gives me a narrow path
Thorn bleed my feet through that path
Love lit my light in the darkness.

MAJIDA TP

X F

# POLLUTION



THE MAN-MADE POLLUTIONS ARE VERY DANGEROUS AND THREAT TO NATURE. THERE ARE THREE MAJOR TYPES OF POLLUTIONS.

1.WATER POLLUTIONS

2.SOIL POLLUTIONS

3.AIR POLLUTIONS

## WATER POLLUTION

THE RELEASING OF POISONOUS SUBSTANCES TO WATER BODIES FROM INDUSTRIES AND FACTORIES ARE THE MAJOR CAUSES OF WATER POLLUTION. THIS IS VERY HARMFUL TO WATER ORGANISMS SUCH AS PHYTOPLANKTON, FISHES, ETC. THIS CAUSES BREAKDOWN OF FOOD CHAIN AND DESTRUCTION OF MANY ORGANISMS AND PLANTS IN WATER BODIES.



# SOIL POLLUTION

THE DEPOSITION OF HARMFUL CHEMICAL SUBSTANCE IN SOIL FROM CHEMICAL INDUSTRIESIS THE MAJOR CAUSE OF SOIL POLLUTION. THIS POLLUTION IS VERY DANGEROUS TO THE CREATURES AND ORGANISMS IN THE SOIL. THIS WILL CAUSE VAST DESTRUCTION OF ORGANISMS AND PLANTS IN SOIL.



# AIR POLLUTION

THE POISONOUS GASES RELEASED FROM CHEMICAL INDUSTRIES AND FACTORIES ARE THE MAJOR CAUSES OF AIR POLLUTION. THE AFTER EFFECTS OF AIR POLLUTION ARE ACID RAIN AND DESTRUCTION OF

ORGANISMS ON THE LAND IN THE WATER AND IN THE SOIL. THIS COST TO VAST DESTRUCTION OF LIVING THINGS. THE ACID RAIN WILL CAUSE TO THE DESTRUCTION OF HISTORIC MONUMENTS LIKE TAJ MAHAL VARIATION IN PH VALUE OF WATER BODIES AND CAUSES DESTRUCTION OF WATER ORGANISMS, DESTRUCTION OF PLANTS ETC.

**THESE POLLUTIONS CAUSES THE END OF WORLD. SO TRY TO REDUCE REUSE AND RECYCLE. TRY THE THREE 'R's FOR A SAFER FUTURE**




VIINAYAK S PRASAD

# പെൺപൂവ്

നാട്ടുപച്ചമരങ്ങൾക്കിടയിൽ
നടപിളർത്തുന്ന രക്തച്ചൊരിച്ചിലുകൾ
കാർമുകിലിൽ സീതയുടെ കണ്ണുനീർ
നാസാദ്വാരത്തിൻ ചിലന്തിക്കൂട്ടിൽ
ഊർദ്ധ്വൻ വലിയുടെ താളം
മഹാസാഗരത്തിന്റെ ഇരമ്പലുകൾ
ഒതുക്കിപ്പിടിച്ച നിശ്വാസങ്ങൾ
മഴ ഇരമ്പിയാർക്കുന്ന
ചെറുതോണിക്കടവിൽ
നീന്തുന്ന ചെറുമീനുകൾക്കൊപ്പം
സ്നേഹത്തിന്റെ നീലത്തിമിംഗലം
വെള്ളിനൂലുകളുടെ നിലാപ്പച്ചയിൽ
നിർത്താതെ ചലിക്കുന്ന
കരിന്തേളുകൾ കൊമ്പുതാഴ്ത്തുന്നു
നേർത്ത വഴുവഴുത്ത ഒച്ചിൻചാലുകൾ
ഗുഹാമുഖത്ത് പ്രളയം തീർക്കുന്നു
വെറുപ്പിന്റെ ഉപ്പ്
കുപ്പിച്ചില്ലുകൾക്കിടയിൽ പൊന്തിനിൽക്കുന്നു
മിനുമിനുത്ത റോസാപ്പൂവ്
കറുത്ത കരിമുഖം തീർക്കുന്നു
കമ്പിളിപ്പുഴുക്കളിൽ വേദനിക്കുന്നു
മൂർഖന്റെ ഉടൽ പകുത്ത്
കഴുത്തിലണിഞ്ഞ്
രക്തരക്ഷസായ് ആടിയുലഞ്ഞ്
പെൺപൂവ് ചിരിക്കുന്നു
ഒരിക്കലും മായാത്ത
നാളത്തെ ചിരിക്കുവേണ്ടി......

**നിഷ വടക്കേടത്ത്**



# ഐ.ക്യൂ ചോദ്യങ്ങൾ

(?): ഒരു വ്യക്തിക്കു ഒരു ക്യാബേജ് തോട്ടം ഉണ്ടായിരുന്നു. കൂടാതെ ഒരാട്ടം,കുറുക്കനും. അദ്ധേഹം ഒരു ദിവസം തൻെറ ക്യബേജ, അങ്ങാടിയിലേക്ക് കൊണ്ട് പോകവെ അയാൾക്ക് തൻെറ മൃഗങ്ങളെയുംകൊണ്ട്പോകേണ്ടിവന്നു.അങ്ങാടിയിലേക്ക് കൊണ്ട് പോകവെ ഒരു പാലം ഉണ്ടായിരുന്നു. അത് മറി കടക്കുവാൻ അദ്ധേഹത്തിനു കഴിഞ്ഞില്ല .കാരണം, ക്യാബേജ് കൊണ്ട് പോകുകയാണെങ്കിൽ കുറുക്കൻ ആടിനെ തിന്നുന്നതാണ്. കുറുക്കനെ കൊണ്ട് പോകുകയാണെങ്കിൽ ആട് ക്യബേജ് തിന്നുന്നതാണ് . അതിനാൽ അദ്ധേഹം എങ്ങനെ പാലം മറികിടക്കും?

ഉത്തരം: ആദ്യം ആടിനെ കൊണ്ട് പോയതിനു ശേഷം അദ്ധേഹം തിരികെ വരുക ശേഷം കുറുക്കനെ കൊണ്ട് പോകുക. ആടിനെ തിരികെ കൊണ്ട് വരുക. ശേഷം ആടിനെ ഇറക്കുക .ശേഷം ക്യാബേജ് കൊണ്ട് പോകുക, തിരികെ വന്നതിനുശേഷം ആടിനെ കൊണ്ട് പോകുക.

Athul prakash

# സ്ത്രീ

ചേച്ചി പ്രസവിച്ചപ്പോൾ
എല്ലാവരും സന്തോഷിച്ചു.
കുട്ടി പെണ്ണെന്നറിഞ്ഞപ്പോൾ
വിരിഞ്ഞ നുണക്കുഴികളും
വിടർന്ന ചുണ്ടുകളും
കൂമ്പിനിന്നു.
സന്തോഷമെല്ലാം എവിടെ
പെൺജന്മം ഒരു ദുഃഖവാർത്തയോ
അമ്മ പറയാതെ പറഞ്ഞു
മുമ്പിലെ ചെകുത്താന്റെ കണ്ണുകളും
പിന്നിൽ പകൽ മാന്യന്മാരുടെ ക്രൂർത്ത നോട്ടവും
ചുറ്റും വലിച്ചു കീറാൻ നിൽക്കുന്ന
ഒരു പേടി സ്വപ്നമല്ലേ.........
പെൺ ജീവിതം..

-റസ്ന സി.കെ
***10-B***

വര




UNNI BALAN
10 C ജി എച്ച് എസ് എസ് കണിയാമ്പറ്റ



***Aysh amna***
***10 f***



***Ashmila c u***
***10 f***



**Ansila V P**
**10 F**



ജി എച്ച് എസ് എസ് കണിയാമ്പറ്റ

# സ്വപ്നങ്ങൾ കൂടെ

അദ്യാക്ഷരങ്ങൾ  ചൊല്ലിപഠിപ്പത്തു ഞാൻ
എൻ നൊമ്പരമതിന് ശാശ്വതമില്ല
ആദ്യമായി കയറുമ്പോൾ വീണ ചുടുനീർ
എൻ ജീവിതമതിന്ന് പറഞ്ഞ മറുപടി
ആദ്യ ചുവടുകൾ പതിച്ച പടികൾ
ആദ്യ പാഠമായി നാം പഠിപ്പത്തു
മഴവില്ലിനഴകുള്ള പൂമ്പാറ്റകൾക്കൊപ്പം
അക്ഷര തോപ്പിൽ പറന്നു നാം മെല്ലെ
സ്വപ്നങ്ങൾക്കുള്ളിലേക്ക് ഞാൻ വെച്ച പാതങ്ങൾ
എൻ ജീവിതത്തിന്റെ മധുരിച്ച ഓർമകൾ
ദു:ഖത്തിനും സന്തോഷത്തിനുമിടയിലും
കളിയിലും കാര്യത്തിനുമിടയിലും
ഞാനുണ്ടാക്കി  എൻ വിദ്യാലയസ്മരണകൾ
സ്മരിക്കുന്നു ഞാൻ ആ കൗതുക മുനമ്പുകൾ
പാറുന്നു ഞാൻ വർണശലഭമായി
എന്റെ സുഹൃത്തുക്കൾ
എന്റെ സമ്പാദ്യമാണ്
എന്റെ വിദ്യാലയം
എന്റെ ചവിട്ടു പടികളാണ്
ജീവിതം എന്ന ഈ പാഠവൃന്ദത്തിൽ
അലയുന്നു ഞാനൊരു പുൽനാമ്പായി
തുടരുന്നു ഞാനെന്റെ ജീവിതാംശങ്ങൾ
എൻ മരണവർത്ത്യം വരെ
തുടരുന്നു ഞാനെന്റെ വിദ്യാലയ ജീവിതം
ആയിരമായിരം സ്വപ്നങ്ങൾ കൂടെ


റിസാന ഫെബിൻ

10B

# അക്ഷരവേദി

## കവിതാപുരസ്കാരം

## എം ആർ ആർച്ചയ്ക്ക്



വയനാട് ജില്ലയിലെ കണിയാമ്പറഗവ.ഹയർസെക്കണ്ടറി സ്ക്കൂളിലെ സാഹിത്യ കൂട്ടായ്മയായ അക്ഷരവേദിയുടെ ഒൻപതാമത് കവിതാ പുരസ്കാരം പാലക്കാട് ജില്ലയിലെ കാരാകുർശ്ശി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളിലെ പ്ലസ് വൺ സയൻസ് വിദ്യാർത്ഥിനിയായ എം ആർ ആർച്ചയുടെ 'ആനന്ദം' എന്ന കവിതയ്ക്ക് ലഭിച്ചു.

2020 രൂപയും ഫലകവും പ്രശസ്തിപത്രവും പുസ്തകങ്ങളുമാണ്പുരസ്കാരം.ആനുകാലികങ്ങളിലെ വിദ്യാർത്ഥി പംക്തികളിൽ നിരന്തരമായി കഥയും കവിതയുമെഴുതുന്ന ആർച്ച, കുട്ടികളുടെ കാവ്യസമാഹാരങ്ങളിലും എഴുതിയിട്ടുണ്ട്. തൃശൂർ നുറുങ്ങ് കവിതാപുരസ്കാരം, മണ്ണാർക്കാട് കേളി സാഹിത്യപുരസ്കാരം, പാലക്കാട് വരമൊഴി പുരസ്കാരം,


എഴുത്തോല മാസിക പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോൽസവത്തിലും വിദ്യാരംഗം സംസ്ഥാന ശിൽപ്പശാലയിലും കഥയ്ക്ക് എ ഗ്രേഡ് നേടിയിട്ടുണ്ട്.

പാലക്കാട് കാരാകുർശ്ശി മുത്തക്കണ്ണി എം രാമചന്ദ്രന്റെയും സുലോചനയുടെയും മകളാണ് എം ആർ ആര്യ. ഫെബ്രുവരി ഒന്നിന് ഉച്ചയ്ക്ക് രണ്ടുമണിയ്ക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് പ്രശസ്ത കവി വീരാൻകുട്ടി പുരസ്കാരം സമ്മാനിച്ചു.



മിസ്റ്റിക് മെമ്മറീസ്

# അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം_2019



2019 'അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം' ആയി ആചരിക്കുകയാണ് ഐക്യരാഷ്ട്രസഭ. ശാസ്ത്രം പുരോഗതിയുടെ നാൾവഴിയിലാണ്.അതിൽ പ്രധാന പങ്കുവഹിച്ചതാവട്ടെ പീരിയോഡിക് ടേബിളും.അറിയപ്പെടുന്ന 118 മൂലകങ്ങളടങ്ങിയ ആധുനിക പീരിയോഡിക് ടേബിളിനും പറയാനുണ്ട്...ചരിത്രമേറെ.മൺമറഞ്ഞുപോയ മഹാന്മാരുടെ ആത്മാർപ്പണത്തിന്റെയും ത്യാഗത്തിന്റയും ചരിത്രം.ആദ്യകാല മൂലക വർഗ്ഗീകരണത്തിന്റെ അടിസ്ഥാനം അറ്റോമിക മാസ് ആയിരുന്നുവെന്ന് നമുക്കറിയാം. ഇത്തരത്തിൽ അറ്റോമിക മാസ് അടിസ്ഥാനമാക്കിയാണ് ഡോബറൈനർ,ന്യൂലാൻഡ്സ് തുടങ്ങിയവർ മൂലകങ്ങളെ വർഗ്ഗീകരിച്ചത്.എന്നാൽ ഇതു തന്നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മെൻഡലീവിന്റെ പീരിയോഡിക് ടേബിൾ ശാസ്ത്രത്തിലെ

നാഴികക്കല്ലായതെങ്ങനെ? ആധുനിക രസതന്ത്രത്തിന്റെ മൂലക്കല്ലായി മാറിയ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുന്നു.

ആധുനിക ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനം ചെലുത്തിയതുമായ മുന്നേറ്റങ്ങളിലൊന്നാണ് പീരിയോഡിക് ടേബിളിന്റെ കണ്ടെത്തൽ. രസതന്ത്രത്തിന്റെ മാത്രമല്ല, ഭൗതികശാസ്ത്രം, ജീവശാസ്ത്രം ഉൾപ്പടെ മറ്റ് പഠനമേഖലകളുടെയും അന്തസത്ത പ്രതിഫലിപ്പിക്കുന്ന കണ്ടുപിടുത്തമാണിത്-

സൈബീരിയയിലെ ടൊബോൾസ്കിൽ 1834 ഫെബ്രുവരി 7 ന് ഇവാൻ പാവ്ലോവിച്-മരിയ ദിമിത്രിയേവ്ന ദമ്പതിമാരുടെ 14 മക്കളിൽ ഏറ്റവും ഇളയവനായി മെൻഡലീവ് ജനിച്ചു. സാമാന്യം നല്ല സാമ്പത്തികസ്ഥിതിയുള്ള കുടുംബമായിരുന്നു അവരുടേത്. പ്രാദേശികസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന പിതാവ് ഇവാന് കാഴ്ച നഷ്ടപ്പെട്ടതിനെ തുടർന്ന് വീടിന്റെ ഭാരം അമ്മ മരിയ ചുമലിലേറ്റി. ഒരു ഗ്ലാസ്ഫാക്ടറി അവർ നടത്തി, അതിന്റെ മാനേജരായി. മെൻ ഡലീവിന്റെ പിതാവ് 1847-ൽ മരിച്ചു.

അതിനടുത്ത വർഷം ഗ്ലാസ്ഫാക്ടറി തീപ്പിടിച്ച് നശിച്ചു. മുതിർന്ന മക്കൾ അപ്പോഴേയ്ക്കും പറക്കമുറ്റിയിരുന്നു. ഇളയ മകന് മികച്ച വിദ്യാഭ്യാസം ലഭിക്കണമെന്ന് ആ മാതാവ് ഉറച്ചു. അതിനായി ബാലനായ മെൻഡലീവിനെയും കൂട്ടി ഏതാണ്ട് 3000 കിലോമീറ്റർ സഞ്ചരിച്ച് സെന്റ് പീറ്റേഴ്സ്ബർഗിലെത്തി. അവിടെ വെച്ച് 1850-ൽ മരിയ മരിച്ചു. മെൻഡലീവ്പഠനം തുടർന്നു.1856-ൽ സെന്റ് പീറ്റേഴ്സ്ബർഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് രസതന്ത്രത്തിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ ആ യുവാവ്, സർക്കാറിന്റെ സ്പോൺസർഷിപ്പിൽ

പാരിസിലും ഹെയ്ഡൽബർഗിലും ഉപരിപഠനം നടത്തി. 1860-ൽ കാനിസ്സാറോയെ പരിചയപ്പെടാനും ആറ്റമിക ഭാരം സംബന്ധിച്ച കാര്യങ്ങൾ നേരിട്ട് മനസിലാക്കാനുംസാധിച്ചു.

തിരികെ സെന്റ് പീറ്റേഴ്സ്ബർഗിലെത്തിയ മെൻഡലീവ്, ആദ്യം അവിടുത്തെ ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടിലും, 1866 മുതൽ സെന്റ് പീറ്റേഴ്സ്ബർഗ് സർവ്വകലാശാലയിലും കെമിസ്ട്രി പ്രൊഫസറായി പ്രവർത്തിച്ചു.പാഠപുസ്തക രചനയ്ക്കിടെയാണ് ആറ്റമിക ഭാരവും മൂലകങ്ങളുടെ രാസഗുണങ്ങളും ഭൗതിക സവിശേഷതകളും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നത്. 'പ്രിൻസിപ്പിൾസ് ഓഫ് കെമിസ്ട്രി' എന്ന പാഠപുസ്തകം തയ്യാറാക്കുന്ന വേളയിലുണ്ടായ ആ കണ്ടെത്തൽ രസതന്ത്ര ചരിത്രത്തിലെ തന്നെ പ്രധാന മുന്നേറ്റങ്ങളിലൊന്നായി മാറി. വിദൂരമായ സെന്റ് പീറ്റേഴ്ബർഗ്ഗിൽ ഒറ്റപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്ന മെൻ ഡലീവ് പടിഞ്ഞാറൻ യൂറോപ്പിലെ ഗവേഷകർ സമാനമായ കണ്ടെത്തലുകൾ നടത്തിയ വിവരം അറിഞ്ഞിരുന്നില്ല.

മൂലകങ്ങളുടെ വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിൽ ആവർത്തിച്ചു വരുന്ന ചില പാറ്റേണുകൾ ഉള്ളതായി മെൻഡലീവ് നിരീക്ഷിച്ചു. മൂലകങ്ങളുടെ രാസഗുണങ്ങളും ഭൗതികസവിശേഷതകളും സംബന്ധിച്ച് അന്നുണ്ടായിരുന്ന അറിവുകളുടെ സഹായത്തോടെ കൂടുതൽ ബന്ധങ്ങൾ മനസിലാക്കാൻ അദ്ദേഹത്തിന്കഴിഞ്ഞു. അന്ന് കണ്ടെത്തിയിരുന്ന ഡസൺകണകണക്കിന് മൂലകങ്ങളെ, അവയുടെ ആറ്റമിക ഭാരത്തിന്റെ അടിസ്ഥാനത്തിൽ ഒരു പട്ടികയിൽ ക്രമീകരിച്ചു. ആ ക്രമീകരണത്തിന് പിന്നിലെ നിയമത്തെ 'പീരിയോഡിക് നിയമം' (PERIODIC LAW) എന്ന് മെൻഡലീവ് വിളിച്ചു. 'ON THE RELATION OF THE PROPERTIES TO THE ATOMIC WEIGHTS OF ELEMENTS' എന്ന തന്റെ ക്ലാസിക് പേപ്പറിലാണ് മെ ൻഡലീവ് പീരിയോഡിക് ടേബിൾ വിവരിച്ചത്.

താൻ കണ്ടെത്തിയ പീരിയോഡിക് ടേബിളിൽ, വിലങ്ങനെയുള്ള ശ്രേണികൾക്ക് 'പീരിയിഡുകൾ' എന്നും, കുത്തനെയുള്ള നിരകൾക്ക് 'ഗ്രൂപ്പുകളെ'ന്നും മെൻഡലീവ് പേരിട്ടു. കുത്തനെയുള്ള നിരകളിൽ സമാന രാസസ്വഭാവമുള്ള മൂലകങ്ങൾ സ്ഥാനം പിടിച്ചു. ഉദാഹരണത്തിന്, ചെമ്പ് വെള്ളിക്കു മുകളിലും, വെള്ളി സ്വർണത്തിന് മുകളിലും എന്ന രീതിയിൽ. വിലങ്ങനെയുള്ള ശ്രേണികളിൽ ഇടത്തുനിന്ന് വലത്തോട്ട് ആറ്റമിക സംഖ്യ വർധിക്കുന്ന തരത്തിലും മൂലകങ്ങൾ നിരന്നു. 1869-ൽ റഷ്യൻ കെമിക്കൽ സൊസൈറ്റിയിൽ തന്റെ കണ്ടെത്തൽ മെൻഡലീവ് അവതരിപ്പിച്ചു. 1871-ൽ അന്ന് അറിയപ്പെട്ടിരുന്ന 63 മൂലകങ്ങളെയും ഉൾപ്പെടുത്തി ആവർത്തന പട്ടിക അദ്ദേഹം പരിഷ്ക്കരിച്ചു.

പീരിയോഡിക് നിയമം പിന്തുടർന്ന് അന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത മൂന്നു മൂലകങ്ങളുടെ ഗുണങ്ങളും സവിശേഷതകളും പ്രവചിക്കാനും മെൻഡലീവ് ധൈര്യം കാട്ടി. ആറ്റമിക ഭാരത്തിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങൾ ക്രമീകരിക്കുന്നത് കണ്ടെത്തിയ മറ്റ് ഗവേഷകരിൽ നിന്ന് മെൻഡലീവിനെ വ്യത്യസ്തനാക്കിയ പ്രധാന ഘടകം ഇതായിരുന്നു. ഭാവിയിൽ കണ്ടെത്താനിരിക്കുന്ന ആ മൂന്നു മൂലകങ്ങൾക്കായി പട്ടികയിൽ സ്ഥാനം അദ്ദേഹം ഒഴിച്ചിടുകയും ചെയ്തു!

രണ്ടു പതിറ്റാണ്ടിനകം ആ മൂലകങ്ങളെ കണ്ടെത്താൻ ഗവേഷകർക്ക് കഴിഞ്ഞു. ആദ്യത്തേത് (GALLIUM) 1875-ൽ ഫ്രഞ്ച് രസതന്ത്രജ്ഞൻ ലെകോഖ് ഡി ബോയ്സ്ബോഡ്രാൻ കണ്ടെത്തി. രണ്ടാമത്തേത് (SCANDIUM) 1879-ൽ സ്വീഡിഷ് കെമിസ്റ്റ് ലാർസ് ഫ്രെഡ്രിക് നിൽസണും, മൂന്നാമത്തേത് (GERMANIUM) 1886-ൽ ജർമൻ രസതന്ത്രജ്ഞൻ ക്ലെമെന്റ്സ് അലെക്സാണ്ടർ വിൻക്ലറും തിരിച്ചറിഞ്ഞു. മൂന്നു

മൂലകങ്ങളുടെയും സവിശേഷതകൾ, മെൻഡലീവ് എന്താണോ പ്രവചിച്ചത് അതുതന്നെയായിരുന്നു! മെൻഡലീവിന്റെ വലിയ വിജയമായി അക്കാര്യം പ്രകീർത്തിക്കപ്പെട്ടു. തുടക്കത്തിൽ മെൻ ഡലീവിനെയും അദ്ദേഹത്തിന്റെ കണ്ടെത്തലിനെയും അംഗീകരിക്കാൻ മടിച്ചവർപോലും അതോടെ പീരിയോഡിക് ടേബിളിന്റെ ആരാധകരായി!

150 വർഷം മുമ്പ് മെൻഡലീവ് ആവിഷ്ക്കരിച്ച പീരിയോഡിക് ടേബിൾ ഇന്ന് ഏറെ മാറിയിട്ടുണ്ടെങ്കിലും, മൗലികതലത്തിൽ അത് ആ ഗവേഷകനെ ഇപ്പോഴും ഓർമിപ്പിക്കുന്നു. അദ്ദേഹത്തോടുള്ള ബഹുമാനാർഥം പീരിയോഡിക് ടേബിളിലെ 101 ാംമൂലകത്തിന് 'മെൻഡലീവിയം' (mendelevium) എന്ന് പേരുനൽകി. 1906-ൽ നൊബേൽ പുരസ്കാരത്തിന് പരിഗണിച്ചെങ്കിലും, ഒരു വോട്ടിന് മെൻഡലീഫ് ഔട്ടായി. അതിനടുത്ത തവണ നൊബേൽ കമ്മറ്റി ചേരുംമുമ്പ് ആ ശാസ്ത്രജ്ഞൻ വിടവാങ്ങി.നൊബേൽ ലഭിച്ച പലരെയും ഇപ്പോൾ ആർക്കും ഓർമയില്ല. പക്ഷേ, മെൻഡലീവും പീരിയോഡിക് ടേബിളും കാലത്തെ അതിജീവിച്ച് മുന്നേറുന്നു.

സതീദേവി ഒ ജി

# ചോദ്യങ്ങൾ

1. അമ്മയും മകനും തമ്മിൽ നാലിരട്ടി വയസിന്റെ വ്യത്യാസമുണ്ട്.30 വർഷത്തിനു ശേഷം അമ്മയുടെ പകുതി വയസ്സായിരിക്കും മകന്.എന്നാൽ ഇപ്പോൾ മകന്റെയും അമ്മയുടെയും വയസ്സെത്ര ?
2. 100 മീറ്റർ നീളമുള്ള ഒരു പൈപ്പ് ഓരോ മീറ്റർ നീളമുള്ള 100 കഷ്ണം മുറിക്കണം. എന്നാൽ എത്ര പ്രാവശ്യം മുറിക്കണം ?
3. ഒരു ജോലി അനീഷ് ചെയ്ത് തീർക്കാൻ 2 മണിക്കൂർ സമയം വേണം ഇതേ ജോലിവിനീഷ് ചെയ്യാൻ 3 മണിക്കൂർ വേണം. ഈ ജോലി രണ്ട് പേരും ഒന്നിച്ചു ചെയ്യാൻ എത്ര സമയം വേണം ?
4. അനുവിന്റെ കൈയ്യിൽ കുറേ മിഠായി ഉണ്ട് . മിഠായി 2 വീതം എണ്ണിയാലും ,3 വീതം എണ്ണിയാലും , 4 വീതം എണ്ണിയാലും , 5 വീതം എണ്ണിയാലും, 10 വീതം എണ്ണിയാലും , ശിഷ്ടം വരില്ല . എങ്കിൽ അനുവിന്റെ കൈയ്യിൽ കുറഞ്ഞത് എത്ര മിഠായി ഉണ്ടാവും?
5. ഒരു മീറ്റർ വീതിയും ഒരു മീറ്റർ നീളവുമുള്ള തുണിക്ക് 150 രൂപ വില വരുമെങ്കിൽ 2 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള തുണിക്ക് എത്ര വിലവരും ?
6. 5 പൂച്ചകൾ 5 മിനിട്ട് കൊണ്ട് 5 എലികളെ പിടിക്കുമെങ്കിൽ 100 പൂച്ചകൾക്ക് 100 എലികളെ പിടികാൻ എത്ര സമയം വേണം ?
7. ഒരു വർക്ക്ഷോപ്പിൽ കാറും ബൈക്കും കൂടി 40 എണ്ണമുണ്ട് ആകെ ടയറുകളുടെ എണ്ണം 100 ആണെങ്കിൽ എത്ര കാറും ബൈക്കുമുണ്ട് ?

# ഉത്തരങ്ങൾ

1. മകന്റെ വയസ്സ് 15 അമ്മയുടെ വയസ്സ് 60
2. 99 പ്രാവശ്യം മുറിക്കണം
3. 1 മണിക്കൂറും 12 മിനിറ്റും
4. 60 മിഠായി
5. 150 x 4=600

   600 രൂപ
6. 5 മിനിട്ട്
7. 10 കാർ 30 ബൈക്ക്

BY

Ahammad Rafeef P

ജി എച്ച് എസ് എസ് കണിയാമ്പറ്റ



ചങ്ങാതിക്കൂട്ടം... ഭിന്നശേഷി സൗഹൃദ വിദ്യാലയം



ജി എച്ച് എസ് എസ് കണിയാമ്പറ്റ



# യാത്ര

പൊടിയുന്ന മിഴിനീർ തുള്ളികളിൽ
ഏതോ ഓർമ്മതൻ ചിറകിലേറി
ഞാനുമെൻ സ്വപ്നങ്ങളും
ഒരു കൊച്ചു തോണിയായലഞ്ഞു.
തീരാത്ത ദു:ഖത്തിൻ മാറാപ്പുതാണ്ടി
എവിടേക്കെന്നറിയാതെ,
അന്ധകാരത്തിൻ ക്രൂരിരുട്ടിൽ
അലയടിക്കുമീ തിരമാലകൾ പോലെ
സന്തോഷ വർണ്ണങ്ങൾ പെയ്തിറങ്ങി.
ഞാൻ മുന്നേറിടുന്നു,
ചിറകടിച്ചുയരുന്നു.
എത്രയോ നാളുകൾ പിന്നിട്ട വഴികൾ,
എത്രയോ സ്വപ്നങ്ങൾ
ഈ യാത്രയിൽ
ചിരിയിൽ പൊതിയും മൗനദു:ഖങ്ങളുമായി
ഞാൻ യാത്രയായി......

സഫാന ഫെബിൻ
10-B


ഗ്രാമം




ഗവ. ഹയർസെക്കന്ററി സ്കൂൾ, കണിയാമ്പറ്റ
സാഹിത്യ ശിൽപശാല
അക്ഷരവേദിയുടേയും, നീർമാതളം ബുക്സിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ
2019 നവംബർ 2, 9.30 a.m
ഉദ്ഘാടനം : ഹണി ജി .അലക്സാണ്ടർ


ഗവ. ഹയർസെക്കന്ററി സ്കൂൾ, കണിയാമ്പറ്റ
സാഹിത്യ ശിൽപശാല
ജി എച്ച് എസ് എസ് കണിയാമ്പറ്റ

# യുദ്ധം

എട്ടാം ക്ലാസ്സിൽ ചരിത്രം പഠിപ്പിച്ചുകൊണ്ടിരിക്കവെ  അധ്യാപകൻ ഒരു സമകാലിക സംഭവത്തെ ചരിത്രത്തിലേക്ക്  സന്നിവേശിപ്പിച്ചു.

"കുട്ടികളേ .......ഇന്നത്തെ പത്രം കണ്ടുവോ?"

"ഉവ്വ്" ക്ലാസ് മുറിയിൽ യുദ്ധത്തിന്റെ ഇരമ്പം

"ഇസ്രായേലും പാലസ്തീനും ഒരു യുദ്ധത്തിന്റെ വക്കിലെത്തി നിൽക്കുകയാണ്."

ങ്ഹാ...! നിസ്സംഗത തീണ്ടിയ നിശബ്ദതയിൽ ക്ലാസ്സ് മുറി തളർന്നു. കുട്ടികൾ ക്രിക്കറ്റിൽ നിന്നും ചിന്തയെ മോചിപ്പിച്ച് യുദ്ധഭൂമിയിലേക്ക് നടക്കുകയായിരുന്നു.

"ഇത് യുദ്ധമായാൽ ഒരുപക്ഷേ,മൂന്നാം ലോകമഹായുദ്ധമായി മാറാൻ പോലും സാധ്യതയുണ്ട്."

"അയ്യോ....!!!"ക്ലാസ്സിൽ ഭീതിയുടെ മുഴക്കം.

കുട്ടികളുടെ ചരിത്ര ജ്ഞാനമാണ് ഈ ഭീതിയുടെ പ്രേരകം എന്ന അറിവിൽ അധ്യാപകൻ ആഹ്ലാദിച്ചു.

അധ്യാപകൻ പറയുകയാണ്. ഒന്നും രണ്ടും  ലോകമഹായുദ്ധവും അതിന്റെ പരിണത ഫലവും പഠിച്ചതുകൊണ്ടാണ് ഇപ്പോൾ നിങ്ങളിൽ നടുക്കം പെരുകിയത്.....മനസ്സിലായോ?കുട്ടികളിൽ ചിരിയുടെ ഹിരോഷിമ.

"ഞങ്ങൾ പേടിച്ചത് അതുകൊണ്ടല്ല സാർ..."

"പിന്നെ"  അധ്യാപകനിൽ ആകാംക്ഷ കനത്തു.

"മൂന്നാം ലോകമഹായുദ്ധമുണ്ടായാൽ അടുത്ത വർഷം പുസ്തകത്തിൽ അതും ചേർക്കില്ലേ...

മൂന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും ഓ.....അതു കൂടി കാണാതെ പഠിക്കണമെന്നുവച്ചാൽ..."

ഒരു യുദ്ധമുഖത്തകപ്പെട്ടതുപോലെ  അധ്യാപകൻ തളർന്നു. പൊടുന്നനെ കുട്ടികളുടെ മുൻപിലിരുന്ന ചരിത്രപുസ്തകങ്ങൾ തോക്കുകളും പീരങ്കികളും മിസൈലുക-ളുമായി അധ്യാപകന്റെ നേരെ കുതിച്ചു. പേടി മൂർച്ചവരുത്തിയ നിലവിളിയോടെ  അധ്യാപകൻ ക്ലാസ്സിനു പുറത്തേക്കോടുമ്പോൾ ക്ലാസ്സിൽ കുട്ടികൾ ചിരിയുടെ പൊഖ്റാൻ പരീക്ഷിച്ചു കഴിഞ്ഞിരുന്നു.

***ഷാജി പുൽപ്പള്ളി***

# ഉപജില്ലാ ശാസ്ത്രമേളയിലെ മികച്ച പ്രകടനത്തിനുള്ള അംഗീകാരം



# പഴം കൊണ്ടൊരു കേക്ക്

**ആവശ്യമായ സാമഗ്രികൾ:**

നന്നായി പഴുത്ത നേന്ത്രപ്പഴം വലുത് - 2

മുട്ട-2

നെയ്യ് -2 ടീസ്പൂൺ

പഞ്ചസാര – 3 ടീസ്പൂൺ

മൈദ – 1 ടീസ്പൂൺ

ഏലക്ക – 2 എണ്ണം

അണ്ടിപ്പരിപ്പ്, മുന്തിരി - 6 എണ്ണം വീതം

**തയ്യാറാക്കുന്ന വിധം :**

പഴം ചെറിയ കഷണങ്ങളാക്കി അരിയുക. പാനിൽ 1 ടീസ്പൂൺ നെയ്യ് ഒഴിച്ച് വഴറ്റുക. അതിന് ശേഷം ഒരു ബൗളിലേക്ക് മാറ്റി മുട്ട പൊട്ടിച്ച് ഒഴിച്ച് പഞ്ചസാര, മൈദ, ഏലക്ക പൊടിച്ചത് എല്ലാം കൂടെ ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. കുക്കർ വിസിൽ അഴിച്ച് വെച്ച് ഗ്യാസ് അടുപ്പിൽ വെച്ച് ചൂടാക്കി 1 ഒരു ടാസ്പൂൺ നെയ്യ് ഒഴിച്ച് അണ്ടിപ്പരിപ്പ്, മുന്തിരി വറുത്ത് കോരി വക്കുക. ശേഷം ചൂടായ കുക്കറിൽ തയ്യാറാക്കി വെച്ച കൂട്ട് ഒഴിച്ച് തീ കുറച്ച് 3 മിനിറ്റ് വേവിച്ച ശേഷം തീ ഓഫ് ചെയ്യുക. സ്വാദിഷ്ടമായ കേക്ക് റെഡി.

**മൈമൂൻ കെ**

# കണിയാമ്പറ്റ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ചരിത്ര വഴികളിലൂടെ

**ഭൂമിശാസ്ത്രം.**

പശ്ചിമഘട്ട മലനിരകളിൽ കിഴക്കതിരിന് ഓരം ചേർന്ന് നിൽക്കുന്ന ഒരു ഗ്രാമമാണ് കണിയാമ്പറ്റ. വയനാട് റവന്യൂ ജില്ലയിൽ വൈത്തിരി താലൂക്കിൽ കണിയാമ്പറ്റ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഈ ചെറുഗ്രാമം കാർഷിക സംസ്കൃതിയുടെ പെരുമ പേറുന്ന നാടാണ് .ചെറു കുന്നുകളും വിസ്തൃതമായ പാടങ്ങളും താരതമ്യേന നിരപ്പാർന്ന ഭൂപ്രകൃതിയും ഈ പ്രദേശത്തെ ഒരു പ്രധാന ജനാധിവാസ കേന്ദ്രമാക്കി മാറ്റിയെടുത്തു. കബനിയിലേക്ക് ഒഴുകിയെത്തുന്ന വരദൂർ-ചീക്കല്ലൂർ പുഴകൾ അതിരിടുന്ന ഈ പ്രദേശം വയനാടിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്നു.

## സ്ഥലനാമചരിത്രം

കണിയാമ്പറ്റ എന്ന പേരിന്റെ ഉൽപ്പത്തിയെ കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും കെണി അമ്പ് അറ്റ പ്രദേശം എന്നതിൽ നിന്നും കണിയാമ്പറ്റ എന്ന പേരുണ്ടായി എന്നതാണ് പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുള്ള അഭിപ്രായം.

## ജനങ്ങളും ജീവിതവും

നാനാ മതസ്ഥരുടെ ഒരു സംഗമ ഭൂമിയാണ് കണിയാമ്പറ്റ ഹിന്ദു മതവും ഇസ്ലാം മതവും ക്രസ്തു മതവും ജൈന മതവുമെല്ലാം ഈ നാടിന്റെ ഹൃദയതാളമായി നിലനിൽക്കുന്നു. കുറിച്ച്യർ, കുറുമർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾ ഈ നാടിന്റെ സംസ്കാരത്തിൽ ഈടുറ്റ ഇഴകൾ ചേർത്തു നിൽക്കുന്നു. ജീവിതശൈലികളിലും ആചാരാനുഷ്ഠാനങ്ങളിലുമുള്ള വ്യത്യാസങ്ങൾക്കപ്പുറം വിശാലമായ മാനവികതയുടെ മഹത്വം മുറുകെ പിടിച്ചവരാണ് ഈ ദേശത്തെ ജനങ്ങൾ. ഈ നാടിന്റെ ചരിത്രത്തിന് നേരവകാശികളായ ആദിവാസി ജനതയും വിവിധ കാലയളവുകളിൽ വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളോടെ ഇവിടെ എത്തിച്ചേർന്ന മലബാർ, തിരുവിതാംകൂർ, തമിഴകം, കർണ്ണാടകം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള കുടിയേറ്റ ജനതയുമെല്ലാം ഈ നാടിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിലും സാംസ്കാരികരംഗത്തും ചലനാത്മ മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ മാറ്റങ്ങൾ നാടിന്റെ വിദ്യാഭ്യാസരംഗത്തും അനുരണനങ്ങൾക്ക് കാരണമായി.

വിദ്യാഭ്യാസം വരേണ്യവൽക്കരിക്കപ്പെട്ട ഒരു പഴയകാലം ഈ നാടിന്റെ ചരിത്രം തിരയുമ്പോഴും കണ്ടെത്താം. ജാതി വ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾ ഈ നാടിന്റെ പൂർവോത്തര ചരിത്രങ്ങളിൽ കണ്ടേക്കാം. ജൻമികുടിയാൻ വ്യവസ്ഥയുടെ ദുരിത ചരിത്രങ്ങളുടെ ഏടുകളും പഴമയെ ചീകിയൊതുക്കുമ്പോൾ കണ്ടേക്കാം. എന്നാൽ കേരളത്തിന്റെ വിഭിന്ന ദേശങ്ങളിലെ സാമൂഹ്യവ്യവസ്ഥകൾ സൃഷ്ടിച്ച വിവേചനത്തിന്റെ രൂക്ഷത അത്രത്തോളം ഈ നാടിനെ ഏശിയില്ല എന്നതാണ് വാസ്തവം. അടിമത്തത്തിന്റെ നുകം പേറാൻ വിധിക്കപ്പെട്ട ആദിവാസി ജനതയിൽ പോലും ആത്മസമർപ്പണത്തിന്റ വൈശിഷ്ട്യവും അങ്കുരിച്ച മണ്ണാണ് കണിയാമ്പറ്റ. പള്ളിയറയും കാനഞ്ചേരിയും സൃഷ്ടിച്ച ചരിത്ര സാക്ഷ്യവും അതുതന്നെ. കാർഷികസംസ് കൃതിയുടെ സമ്പന്നതയും വ്യാപാര-വാണിജ്യസാധ്യതകളുടെ

സമൃദ്ധിയും അക്ഷരത്തെ സ്നേഹിക്കുന്ന ജനതയുടെ ഊർജ്ജ സ്രോതസ്സുകളായിരുന്നു.

## വിദ്യാലയ സ്ഥാപന പശ്ചാത്തലം

കണിയാമ്പറ്റ വില്ലേജിൽ ഏറ്റവും ചരിത്ര പശ്ചാത്തലമുള്ള വിദ്യാലയമാണ് കണിയാമ്പറ്റ ഗവ.യു.പി സ്കൂൾ. ഏകാധ്യാപക വിദ്യാലയം,എലിമെന്ററി സ്കൂൾ എന്നീ ഘട്ടങ്ങളൊക്കെ പിന്നിട്ട് കണിയാമ്പറ്റയിൽ ഒരു സർക്കാർ വിദ്യാലയം ജനങ്ങളുടെ അക്ഷര ജ്യോതിസ്സിന്റെ ഏകാശ്രയമായി നിലനിൽക്കുകയായിരുന്നു.വയനാട്ടിൽ ഏറ്റവും ആദ്യം ആരംഭിച്ച മൂന്ന് വിദ്യാലയങ്ങളിൽ ഒന്നായിരുന്നു കണിയാമ്പറ്റ ഗവ.യു.പി സ്കൂൾ എന്ന പഴയകാല എലിമെന്ററി സ്കൂൾ . സാമ്പത്തിക പിന്നാക്കാവസ്ഥയും സാമൂഹ്യ പശ്ചാത്തലവും നാനാജാതി മതസ്ഥരിലും പെട്ട വലിയൊരു വിഭാഗത്തെ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിൽ നിന്നും അകറ്റിനിർത്തപ്പെട്ട ഒരു കാലമുണ്ടായിരുന്നു. എന്നാൽ കണിയാമ്പറ്റ ഗവ.യു പി സ്കൂളിന്റെ വളർച്ചയിൽ ഈ അകലം ഒരു പരിധിവരെ ലഘൂകരിക്കപ്പെട്ടു. എന്നാൽ പ്രൈമറി തലത്തിനപ്പുറം വിദ്യഭ്യാസം സ്വപ്നം കാണാൻപോലും സാധിക്കാത്ത ഒരു വലിയ വിഭാഗം കണിയാമ്പറ്റയിലും തൊട്ടടുത്ത വില്ലേജുകളിലുമായിട്ടുണ്ടായിരുന്നു. കാരണം സെക്കണ്ടറി വിദ്യാഭ്യാസം നേടാൻ 15 കിലോമീറ്ററിലധികം
ഇടതൂർന്ന വനങ്ങൾക്കും വിജനമായ തോട്ടങ്ങൾക്കുമിടയിലൂടെ യാത്ര ചെയ്ത് കൽപ്പറ്റ എസ്.കെഎം.ജെ ഹൈസ്കൂളിലേക്കോ പനമരം ഗവ.ഹൈസ്കൂളിലേക്കോ കുട്ടികളെ അയയ്ക്കുക എന്നത്

പല രക്ഷിതാക്കളെ സംബന്ധിച്ചും ചിന്തിക്കാൻ പോലുമാകുമായിരുന്നില്ല. വന്യജീവികൾ വിഹരിക്കുന്ന വിജനമായ പാതകളിലൂടെ ഇത്രയും ദൂരം കാൽനട യാത്ര ചെയ്യു വേണമായിരുന്നു മിക്കവർക്കും സ്കൂളിലെത്താൻ. സാമ്പത്തിക പരാധീനതയിൽ മറ്റ് ഗതാഗതസൗകര്യങ്ങളെക്കുറിച്ച് ചി

ന്തിക്കാനാകുമായിരുന്നില്ല. മാത്രമല്ല മുസ്ലിം സമുദായത്തിൽപ്പെട്ട പെൺകുട്ടികളെ ഇത്രയധികം ദൂരെ വിട്ട് പഠിപ്പിക്കുന്നതിനെകുറിച്ച് ചിന്തിക്കുവാൻ രക്ഷിതാക്കൾക്കാകുമായിരുന്നില്ല. രക്ഷിതാക്കളുടെ വിദ്യാഭ്യാസ പശ്ചാത്തലം വിദ്യാഭ്യാസത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുവാൻ പര്യാപ്തവുമല്ലായിരുന്നു. ആദിവാസി ജനവിഭാഗമാകട്ടെ പലപ്പോഴും വിദ്യാഭ്യാസത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് ബോധവാന്മാരാകാതെ കോളനി ജീവിതത്തിൽ ഒതുങ്ങുന്ന പശ്ചാത്തലവും നിലനിന്നിരുന്നു. വിശേഷിച്ച് പണിയ വിഭാഗത്തിലും മറ്റുംപെട്ടവർ വിദ്യാഭ്യാസാവശ്യങ്ങളോട് പുറംതിരിഞ്ഞ് നിന്നിരുന്നു. എന്നാൽ തിനൊരപവാദമായിരുന്നു കുറിച്ച്യ-കുറുമ കുടുബങ്ങൾ. അവരിൽ ധാരാളം പേർ തങ്ങളുടെ മക്കൾക്ക് ഉയർന്ന പഠനത്തിനുള്ള സാഹചര്യം വേണമെന്ന് ആത്മാർത്ഥമായും ആഗ്രഹിച്ചിരുന്നു.

കാലത്തിനനുസരിച്ച് വളരണമെന്നും അതിന് ഉയർന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കണമെന്നും അതിനായി കണിയാമ്പറ്റയിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമാകണമെന്ന ആശയം ആവിശ്യമായി ഉരുത്തിരിഞ്ഞു. ഈ ആശയം പല വേദികളിൽ ചർച്ചചെയ്യപ്പെട്ടു.പൊതുജനസേവകരും, നാട്ടുകാരും, രാഷ്ട്രീയപ്പാർട്ടിനേതാക്കളും, ജനപ്രതിനിധികളും ഈ വിഷയം സജീവമായി ചർച്ച ചെയ്യുന്നതിന് കാരണമായത് കണിയാമ്പറ്റ ഗവ.യു.പി.സ്കൂളിന്റെ അധ്യാപക രക്ഷാകർതൃയോഗത്തിൽ ഉയർന്നുവന്ന ചർച്ചയാണ്. കണിയാമ്പറ്റ, മുട്ടിൽ, കോട്ടത്തറ, പനമരം പഞ്ചായത്തുകളിൽ യാത്രാസൗകര്യം വളരെ കുറവായ ഏച്ചോം , പള്ളിക്കുന്ന് , വിളമ്പുകണ്ടം തുടങ്ങിയ വിവിധ സ്ഥലങ്ങളിലെ രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളെ സെക്കണ്ടറി വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് കണിയാമ്പറ്റ ഗവ. യുപി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുക എന്ന ആവശ്യമാണ് ആദ്യമുയർന്നു വന്നത് . ഇതിനായി ശ്രമം നടത്തുന്നതിന് ജനകീയ കമ്മറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു . എന്നാൽ പ്രസ്തുത യു പി

സ്കൂൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യമായ ഭൂമി ന്യായ വിലയ്ക്ക് ലഭിക്കാത്ത സാഹചര്യം വന്നപ്പോൾ ആശയം മാറ്റുകയായിരുന്നു .

പള്ളിക്കുന്ന് ലൂർദ്ദ് മാതാ ദേവാലയത്തിലെ വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. കുര്യാക്കോസ് ചങ്ങാടക്കരി കണിയാമ്പറ്റയിൽ താമസമുറപ്പിച്ചതോടെ അദ്ദേഹം കൺവീനറായി ഒരു ജനകീയ കമ്മറ്റി രൂപീകരിക്കുകയും ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു . ഹൈസ്കൂൾ അനുവദിച്ച് കിട്ടുകയാണെങ്കിൽ അതിനാവശ്യമായ സ്ഥലവും ലഭ്യമാക്കേണ്ടതുണ്ടല്ലോ? ഇതിനായുള്ള അന്വേഷണംചിത്രമൂല പത്മയ്യാ ഗൗഡറിലേക്കെത്തി . എന്നാൽ ആദ്യഘട്ടത്തിൽ പ്രതീക്ഷ പുലർത്തിയിരുന്ന 5 ഏക്കർ സ്ഥലമെന്ന ലക്ഷ്യം സാധിക്കാതെ പോയി .

1964 മുതൽ ആരംഭിച്ച കണിയാമ്പറ്റയിൽ ഒരു ഹൈസ്കൂൾ എന്ന ആവശ്യം 1973 വരേക്കും പലരുടെയും കാതുകളിൽ വേണ്ട വിധം എത്തിക്കാൻ സാധിച്ചില്ല. ആദ്യകാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കൽപ്പറ്റ എസ് കെ എം ജെ , മാനന്തവാടി ഗവ. ഹൈസ്കൂൾ, ബത്തേരി സർവ്വജന ഹൈസ്കൂൾ എന്നിവ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പിൽക്കാലത്ത് പനമരത്ത് ഒരു ഹൈസ്കൂൾ വന്നപ്പോൾ പ്രദേശവാസികൾക്ക് അൽപം ആശ്വാസമായി. എന്നിരുന്നാലും അതും ഈ നാട്ടുകാർക്ക് വളരെയേറെ ദൂരം യാത്ര ചെയ്യേണ്ടുന്ന സാഹചര്യമാണ് സൃഷ്ടിച്ചിരുന്നത്. 1973 ൽ കണിയാമ്പറ്റ ഗവ. യു പി സ്കൂൾ പി ടി എ യിൽ, ഹൈസ്കൂൾ ആയി പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശ്രമം സജീവമായതോടെ ശ്രീ വി കരുണാകരൻ ചെയർമാനും ശ്രീ എം സി കുര്യാക്കോസ് കൺവീനറുമായ ഒരു അഡ്ഹോക്ക് കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ഹൈസ്കൂൾ സ്ഥാപനത്തിനാവശ്യമായ ഭൂമി ലഭ്യമാകാത്ത സാഹചര്യം വന്നപ്പോൾ അന്ന് മുസ്ലിം ലീഗിന്റെ പ്രാദേശിക നേതാവായിരുന്ന വാഴയിൽ കുഞ്ഞബ്ദുള്ള ഹാജി ചെയർമാനും എം സി കുര്യാക്കോസ് കൺവീനറുമായി പുതിയൊരു ജനകീയ കമ്മറ്റി രൂപീകരിച്ചു. ഇയ്യക്കണ്ടി കുട്ടി ഹസൻ ഹാജി, കെ കൃഷ്ണൻ മാസ്റ്റർ,

കൊളങ്ങോട്ടിൽ അബൂബക്കർ ഹാജി, കൊളങ്ങോട്ടിൽ ബീരാൻ, നെല്ലോളി മമ്മി, എസ് കെ മമ്മു, എം ടി തോമസ്, രാമൻ പറളിക്കുന്ന്, വി പി അമ്മദ്, പി മുഹമ്മദ് കുട്ടി, സി കെ കേശവൻ നായർ, കരുണാകരൻ, ഇ സി കുഞ്ഞബ്ദുള്ള, വി ഐ വർഗീസ്, എൻ ശങ്കരൻ നമ്പ്യാർ തുടങ്ങിയവരൊക്കെ പ്രസ്തുത കമ്മറ്റിയിൽ സജീവമായ ഇടപെടലുകൾ നടത്തി. പുതിയ സ്കൂളിനുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് അന്നത്തെ കോഴിക്കോട് ഡി ഇ ഒക്ക് സമർപ്പിക്കുകയും ചെയ്തു. പൊതു കാര്യ പ്രസക്തനായ വാഴയിൽ കുഞ്ഞബ്ദുള്ള ഹാജിയുടെയും പൗരപ്രമുഖനായ മുട്ടിൽ കെ പി ഹാജിയുടെയും സ്വാധീനവും സമ്മർദ്ദവും ഹൈസ്കൂളിനായുള്ള ആവശ്യം അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ബഹുമാന്യനായ സി എച്ച് മുഹമ്മദ് കോയയുടെയും വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ ചാക്കീരി അഹമ്മദ് കുട്ടിയുടെയും അടുത്ത് വരെയെത്തി. പിന്നെ പ്രതീക്ഷയോടെ ഈ നാട് കാത്തിരിപ്പായി. ഏറെ പ്രതീക്ഷയോടെയിരുന്ന ഒന്നാം ഘട്ട ലിസ്റ്റിൽ കണിയാമ്പറ്റയിൽ ഒരു പുതിയ ഹൈസ്കൂൾ അനുവദിച്ചു കാണാതെ വന്നപ്പോൾ രാഷ്ട്രീയ നേതാക്കളും പൗരമുഖ്യൻമാരുമെല്ലാം ഉൾപ്പെടുന്ന ജനകീയ കമ്മറ്റി വീണ്ടും തളരാതെ ഊർജ്ജിതശ്രമം നടത്തി. ഇത്തവണ കണിയാമ്പറ്റക്കാരുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. 1976 ജൂൺ മുതൽ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിക്കാനുള്ള അനുമതി ലഭിച്ചു.

ഇനി സ്കൂളിന് സ്വന്തമായി ഭൂമിയും കെട്ടിടവും എന്ന കടമ്പയായിരുന്നു കമ്മറ്റിയുടെ മുമ്പിൽ. 25000 രൂപ അപേക്ഷയോടൊപ്പം അടച്ചു കൊടുക്കേണ്ടത് ഹൈസ്കൂൾ സ്ഥാപനത്തിന്റെ അനിവാര്യമായ ഒരു നടപടി ക്രമമായിരുന്നു. ജനകീയ കമ്മറ്റി സ്വരൂപിച്ച തുക അടച്ചതിനു ശേഷമാണ് വിദ്യാലയം അനുവദിച്ചു കിട്ടിയത്. എന്നാൽ കെട്ടിടം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുകയെന്നതായി അടുത്ത പ്രശ്നം . ജനകീയ കമ്മറ്റിയുടെ ശ്രമഫലമായി കണിയാമ്പറ്റ പോലീസ് സ്റ്റേഷന് സമീപമായി മൂന്നേക്കർ ഭൂമി ലഭ്യമായി . എന്നാൽ കെട്ടിട നിർമാണത്തിന് കൂടുതൽ ഉചിതമായ നിരപ്പായ സ്ഥലം ആവശ്യമാണെന്നതിനാൽ ജനകീയ കമ്മറ്റി കണിയാമ്പറ്റയിൽ

ധനവന്തൂർ ദേവസ്വം കമ്മറ്റിയെ സമീപിച്ചു . ജനകീയ കമ്മറ്റി യിലെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെയും നേതാക്കന്മാരുടെ ഇച്ഛാശക്തിയും പൊതുപ്രവർത്തകരുടെ ഇടപെടലും ഒത്തുചേർന്നപ്പോൾ കണിയാമ്പറ്റ ഗവ:ഹൈസ്കൂളിനാവശ്യമായ 3 ഏക്കർ സ്ഥലം ഏക്കറിന് 5000 രൂപ നിരക്കിൽ 15000 രൂപയ്ക്ക് ദേവസ്വം കമ്മറ്റി രേഖ തീർത്തു നൽകി .

## സ്കൂൾ പ്രവർത്തനാരംഭം

1976 ജൂണിൽ കണിയാമ്പറ്റ ഗവ: യു പി സ്കൂളിൽ നിന്നും ഏഴാം ക്ലാസ് പാസായ മുഴുവൻ കുട്ടികളെയും അവിടെത്തന്നെ ചേർത്ത് ക്ലാസുകൾ ആരംഭിച്ചു. മീനങ്ങാടി ഗവ: ഹൈസ്കൂൾ അധ്യാപകൻ ശ്രീ. ശശിധരനെ ഡപ്യൂട്ടേഷനായി നിയമിച്ച് സ്കൂളിന്റെ ചാർജ്ജ് നൽകി. കണിയാമ്പറ്റ സർവീസ് കോ ഓപറേറ്റീവ് ബാങ്കിന്റെ ഒരു മുറിയിലും അഡ്വക്കറ്റ് രാമചന്ദ്രന്റെ കൈവശമുള്ള കെട്ടിടത്തിലുമായി ക്ലാസുകൾ തുടങ്ങി. ആരംഭവർഷത്തിൽ 48 കുട്ടികളാണ് ഉണ്ടായിരുന്നത്. തുടർന്ന് വരദൂർ, പച്ചിലക്കാട്, മില്ലുമുക്ക്, കണിയാമ്പറ്റ, അരിഞ്ചേർമല, കമ്പളക്കാട്, പറളിക്കുന്ന്, പള്ളിക്കുന്ന്, ഏച്ചോം, വിളമ്പുകണ്ടം,വെണ്ണിയോട്, കോട്ടത്തറ, പനങ്കണ്ടി, കരണി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നെല്ലാം കുട്ടികൾ ഈ വിദ്യാലയത്തിൽ വന്നുചേർന്നു. ജനകീയ കമ്മറ്റിയുടെ ശ്രമഫലമായി ഒരു താൽക്കാലിക കെട്ടിടം 1977 ൽ പണിതീർക്കുകയും 8,9 ക്ലാസ്സുകൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്തു.നിർമ്മാണപ്രവർത്തനവും ത്വരിതഗതിയിൽ നടന്നു. അഡ്വ.രാമചന്ദ്രന്റെ നേതൃത്വത്തിൽ കോഴിക്കോടുള്ള ഒരു പ്രമുഖ ഓട്ടുകമ്പനിയിൽ നിന്നും ആവശ്യമായ ഓടുകൾ സൗജന്യമായി സമ്പാദിച്ചു. ജ. കുഞ്ഞബ്ദുള്ള ഹാജിയുടെ നേതൃത്വത്തിൽ അന്നത്തെ ബത്തേരി നിയോജകമണ്ഡലം എം എൽ എ ശ്രീ കെ കെ രാമചന്ദ്രൻ മാസ്റ്ററുടെ ഒത്താശയോടേ ഫോറസ്റ്റിൽ നിന്നും ആവശ്യമായ മരങ്ങൾ സംഘടിപ്പിച്ചു. ജ.കുഞ്ഞബ്ദുള്ളഹാജിയുടെ മില്ലിൽ നിന്നും അവ ഈർന്ന്

ഉരുപ്പിടികളാക്കി. ജനങ്ങളിൽ നിന്നും സ്വരൂപിച്ച ഫണ്ടും ഉപയോഗിച്ച് 1978 ഫെബ്രുവരി മാസത്തിൽ കരിങ്കൽ ചുമരിൽ ഏറെ ഉറപ്പോടെ കെട്ടിടം പണി പൂർത്തിയാക്കി. ബഹു.കോഴിക്കോട് ജില്ലാ കലക്ടർ കെട്ടിടം ഉദ്ഘാടനം ചെയ്തു. 1978 - 79 വർഷത്തിൽ ആദ്യ ബാച്ച് എസ് എസ്എൽ സി പരീക്ഷ എഴുതി. 90% വിജയത്തോടെ കന്നി അങ്കം വിജയിച്ചു കേറി. അന്ന് സ്കൂളിന്റെ സാരഥി ശ്രീ ഗോവിന്ദൻ മാസ്റ്ററായിരുന്നു.

സ്കൂൾ അനുവദിച്ച് കിട്ടിയ വേളയിൽ 25000 രൂപ കെട്ടിവച്ചതു കാരണം സ്കൂളിന്റെ സ്ഥിരമായ കെട്ടിട നിർമാണ ഉത്തരവാദിത്തം സർക്കാർ തന്നെ ഏറ്റെടുത്തിരുന്നു. 1979 ൽ കെട്ടിട നിർമാണത്തിനുള്ള ഫണ്ടുകൾ അനുവദിച്ച് കോൺട്രാക്ട് നൽകി. 1981 ഫെബ്രുവരിയിൽ കെട്ടിടം പണി പൂർത്തീകരിച്ചു.അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ പി ജെ ജോസഫ് കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

## വിദ്യാലയം വരുത്തിയ മാറ്റങ്ങൾ

സ്കൂൾ സ്ഥാപിതമായതോടെ കണിയാമ്പറ്റയുടെയും പരിസരപ്രദേശത്തിന്റെയും സാമൂഹ്യ, സാംസ്കാരിക രംഗത്ത് നിരവധിയായ മാറ്റങ്ങൾ ഉണ്ടായി. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം അവസാനിപ്പിച്ചിരുന്ന സാഹചര്യത്തിൽ നിന്നും മക്കളെ തുടർ വിദ്യഭ്യാസത്തിന് അയക്കുന്ന സാഹചര്യമുണ്ടാക്കി. ശൈശവ വിവാഹം പോലുള്ള അനാചാരങ്ങൾ കുറയുന്നതിന് ഇടയായി.അറിവു നേടിയ തലമുറ നാടിന്റെ സമ്പത്തായി മാറി.സർക്കാർ സ്വകാര്യമേഖലകളിൽ ജോലി നേടുന്നതിന് ജനങ്ങൾക്കവസരം വർദ്ധിച്ചു.അത് അവരുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ പദവി ഉയർത്തുന്നതിനും ഇടയാക്കി.സാമൂഹ്യ നീതി കൈവരിക്കുന്നതിനും വഴി തെളിച്ചു.ചൂഷണങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ സാധിച്ചു.സാമൂഹ്യ വിവേചനങ്ങൾ കുറയുന്നതിന് സാധിച്ചു. ജാതിമതഭേതമന്യേ ഒരു കേന്ദ്രത്തിൽ ഇരുന്ന് വിദ്യ

നേടുന്നുവെന്നത് ഉയർന്ന സാമൂഹ്യബോധം സൃഷ്ടിക്കുന്നതിനിടയാക്കി.നാടിന്റെ വ്യാപാരമേഖലയിലും സാംസ്കാരിക മേഖലയിലും വികാസമുണ്ടായി. നേതൃഗുണവും ആത്മവിശ്വാസവുമുള്ള തലമുറ വളർന്നുവന്നു. പൊതുജനനേതാക്കളും സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയബോധമുള്ള ജനതയും നേതൃത്വവും രൂപപ്പെടുന്നതിനുമിടയാക്കി. അധിവാസകേന്ദ്രങ്ങളിലും തൊഴിൽമേഖലയിലും മാറ്റങ്ങളുണ്ടായി. ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ വികസിച്ചു. ജനസാന്ദ്രത വർധിക്കുന്നതിനും ചെറു കച്ചവടകേന്ദ്രങ്ങൾ രൂപപ്പെടുന്നതിനും സഹായങ്ങൾ നൽകി.നാടും വീടും മാറുകയായിരുന്നു. പുരോഗമനാശയങ്ങൾ വളർന്നതോടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ലഘൂകരിക്കപ്പെട്ടു.

## വിദ്യാലയ വികസനം

1976 ൽ ഹൈസ്കൂൾ ആയി അനുവദിക്കപ്പെട്ട ഈ വിദ്യാലയത്തിൽ പ്രധാനപ്പെട്ട കെട്ടിടം സർക്കാർ തന്നെ ഒരുക്കിത്തന്നു. എന്നാൽ സയൻസ് ലാബ്, ലൈബ്രറി, കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടർ ലാബ്, ടോയിലറ്റുകൾ, കുടിവെള്ളം, ബെഞ്ച്, ഡസ്ക്, മേശ, കസേര തുടങ്ങിയ ഫർണിച്ചറുകൾ എല്ലാം ഒരുക്കേണ്ടതായിരുന്നു, എന്നാൽ ഇത് അനായാസം ഒരുക്കിയെടുക്കാവുന്ന ലക്ഷ്യങ്ങളായിരുന്നില്ല. രക്ഷിതാക്കൾ നൽകിയ ചെറിയ സംഖ്യകൾ ഉപയോഗിച്ച് അവശ്യം വേണ്ടുന്ന കമ്പ്യൂട്ടറുകൾ ഒരുക്കുക എന്നത് വളരെയേറെ പ്രയാസം നേരിട്ട ഒരു പ്രവർത്തനമായിരുന്നു. ഐ. ടി. @ സ്കൂൾ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയവയുടെ സഹകരണത്തോടെ ഒരു മികച്ച കമ്പ്യൂട്ടർ ലാബ് ഒരുക്കുവാൻ സാധിച്ചുവെന്നത് അഭിമാനാർഹമായ സംഗതിയാണ്. ഏറ്റവും മികച്ച കമ്പ്യൂട്ടർ

ലാബിനുള്ള പുരസ്കാരം അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം എ ബേബിയിൽ നിന്നും ഐ. ടി. കോർഡിനേറ്റർ എം കെ ഉഷാദേവി ടീച്ചർ ഏറ്റുവാങ്ങിയത് കണിയാമ്പറ്റയുടെ വളർച്ചയുടെ ഒരു സൂചകമാണ്. 6000 ത്തോളം പുസ്തകങ്ങളുമായി ഏറ്റവും മികച്ച ഒരു ലൈബ്രറിയും വായനാശാലയും വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സഹായത്തോടെ ലഭിച്ച ബാന്റ് സെറ്റ്, ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ നടത്തുന്ന ചെണ്ട പരിശീലനം, കുട്ടികളുടെ സർഗ്ഗശേഷി വികസനത്തിന് അവസരമൊരുക്കി ആറു വർഷത്തോളം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നാടൻപാട്ടും നാടൻകലകളും അവതരിപ്പിച്ച വാമൊഴിക്കൂട്ടം .നാട്ടുപാട്ടുസംഘത്തിലെ കലാകാരൻമാർ ഇതെല്ലാം കണിയാമ്പറ്റയുടെ മികവിന്റെ അടയാളങ്ങളാണ്.പാർലമെന്ററി ജനാധിപത്യത്തിന്റെ പരിശീലന കളരിയായ യൂത്ത് പാർലമെന്റ് സംഘാടനത്തിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിൽ നിന്നും സംസ്ഥാന തലത്തിൽ നമ്മുടെ വിദ്യാലയം 2006 മുതൽ തുടർച്ചയായി 4 വർഷം നേടിയ രണ്ടാം സ്ഥാനവും 2012 ൽ കേരളമുഖ്യമന്ത്രി ശ്രീഉമ്മൻചാണ്ടിയിൽ നിന്നും അഭിമാനപൂർവ്വം ഹെഡ്മിസ്ട്രസ്സ് അച്ചാമ്മ ജോർജ് ഏറ്റു വാങ്ങിയ യൂത്ത് പാർലമെന്റ് മൽസരത്തിലെ ഒന്നാം സ്ഥാനവും സ്കൂളിന്റെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളാണ്.

കലാസാഹിത്യരംഗത്തും ഈ വിദ്യലയം നേട്ടങ്ങളേറെ കൊയ്തു. നാടൻപാട്ടിലും വന്ദേമാതരാലാപനത്തിലുമെല്ലാം സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടി സ്കൂൾ കലോത്സവവേദികളിൽ ശോഭിച്ചു.ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര മേളകളിൽ നിരവധി വർഷങ്ങളായി ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് കണിയാമ്പറ്റ ഗവ.ഹയർ സെക്കണ്ടറി സ്കൂളാണ്. ശാസ്ത്രമേളയിലും സാമൂഹ്യശാസ്ത്ര മേളയിലും നിരവധി വർഷങ്ങളായി ജില്ലയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുകയും സംസ്ഥാനത്ത് മികച്ച ഗവൺമെന്റ് സ്കൂളുകളിൽ ഒന്നായി മാറുകയും ചെയ്തിട്ടുണ്ട് . നിരവധി സംസ്ഥാന തലപുരസ്കാരങ്ങൾ ഈ വിദ്യാലയം നേടിയിട്ടുണ്ട്. പ്രാദേശിക ചരിത്ര രചനയിൽ

സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഫാത്തിമ ഷാദിൻ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.പരിമിതമായ കളിസ്ഥല സൗകര്യങ്ങൾക്കിടയിലും കായിക മേളയിൽ ഈ വിദ്യാലയം നേട്ടങ്ങൾ കൊയ്തിട്ടുണ്ട്.കെ എസ് ഇ ബിക്കുവേണ്ടിയുള്ള ഫുട്ബോൾ ടീമിലെ അംഗമായ പ്രിൻസ് പൗലോസ് ഈ വിദ്യാലയത്തിലെ ഹയർസെക്കണ്ടറി വിഭാഗത്തിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്നു.സുബ്രതോ കപ്പ് ഫുട്ബോൾടൂർണമെന്റിലും ഈ വിദ്യാലയം നേട്ടങ്ങൾ കൊയ്തിട്ടുണ്ട്.

സാഹിത്യ രംഗത്ത് മികച്ച സംഭാവന നൽകിയ വിദ്യാലയം കൂടിയാണ് കണിയാമ്പറ്റ ഗവ.ഹയർസെക്കണ്ടറി സ്കൂൾ. മുണ്ടശ്ശേരി സാഹിത്യ അവാർഡ് ജേതാവ് ഷാജി പുൽപ്പള്ളി, നിരവധി തവണ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച അധ്യാപകർക്കുള്ള സംസ്ഥാന തല കവിതാരചനാമത്സരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയ പി സി മജീദ്, നിരവധി തവണ സംസ്ഥാന തല ലളിതഗാന മത്സരത്തിലും ഒന്നാം സ്ഥാനം നേടിയ പ്രശസ്ത ഗായകൻകൂടിയായ എം കെ പ്രശാന്ത് ഇവരെല്ലാം ഈ വിദ്യാലയത്തിന്റെ നേട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവരാണ്.

ദീർഘ കാലം ഈ വിദ്യാലയത്തിൽ അധ്യാപകനായി സേവനം ചെയ്ത ദേശീയ അധ്യാപക അവാർഡ് നേടിയ ശ്രീ കെ പി ശ്രീകൃഷ്ണൻ മാസ്റ്റർ സംസ്ഥാനദേശീയ അധ്യാപക അവാർഡ്ജേതാവ് ശ്രീ സി കെ പവിത്രൻ,സംസ്ഥാന അവാർഡ് ജേതാവ് ശ്രീമതി അച്ചാമ്മ ജോർജ്ജ്എന്നിവരെല്ലാം ഈ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തിയവരാണ്. ഈ വിദ്യാലയത്തിന്റെ ശ്രേയസ്സുയർത്തിയ, ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയിൽ മികച്ച റാങ്ക് നേടി ഹൈദ്രാബാദിൽ റെയിൽവെ കമ്മീഷണറായി ജോലി ചെയ്യുന്ന ശ്രീ അഷറഫ് ,മുക്കം ഓമശ്ശേരിയിൽ മെഡിക്കൽ ഓഫീസറായ ഡോ.ലത്തീഫിനെ പോലെ നിരവധി ഡോക്ടർമാർ,സിംഗപൂരിൽ എഞ്ചിനീയറായ ശ്രീ കെ വിപിൻ, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ എഞ്ചിനീയറായ മൻമോഹൻ,ഒട്ടനവധി രാഷ്ട്രീയപ്രമുഖർ, അനേകം ഉദ്യോഗസ്ഥ

പ്രമുഖർ ഇവരെല്ലാവരും ഈ വിദ്യാലയത്തിന്റെ ചരിത്ര ശിൽപികളാണ്.

അക്കാദമിക മികവിന്റെ മറ്റ് ചില സാക്ഷ്യങ്ങളാണ് ബി എസ് സി മൈക്രോബയോളജിയിൽ റാങ്ക് ജേതാവായ നിത്യ പി എസ്,എം സി എ പരീക്ഷയിൽ റാങ്ക് ജേതാവായ ആസ്യ, എം എസ് സി റാങ്ക് ജേതാവായ വിദ്യാകൃഷ്ണൻ എന്നിവർ. ഇവരെല്ലാം ഈ വിദ്യാർത്ഥികളുടെ അക്കാദമിക ചരിത്രത്തിൽ മികവുകൾ ചാർത്തിയ പ്രതിഭകളാണ്.

സ്കൂളിന്റെ സ്ഥാപനം മുതൽ നിരവധി പ്രധാനധ്യാപകർ ഈ വിദ്യാലയത്തിന്റെശ്രേയസ്സിനായിപ്രവർത്തിച്ചിട്ടുണ്ട്.ബാലാരിഷ്ടതകളുടെ കാലത്തെ പ്രധാനധ്യാപകരുടെ
പേരുകളിൽ എടുത്തു പറയേണ്ട ഒന്നാണ് കോട്ടയത്തു നിന്നും എത്തി ഏതാണ്ട് മൂന്ന് വർഷത്തോളം വിദ്യാലയത്തെ നയിച്ച ശ്രീ ഇട്ടി എം ജോണിന്റേത്. കണിയാമ്പറ്റ ഗവ.ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രവർത്തന മികവിന് ശ്രദ്ധേയമായ നേതൃത്വം നൽകിയ ഒരു വ്യക്തിത്വം ശ്രീ കെ കെ വിജയൻ എന്ന പ്രധാനധ്യാപകനാണ്. വടകരയിൽ നിന്നും കണിയാമ്പറ്റ ഗവ.ഹൈസ്കൂളിലേക്ക് പ്രധാനധ്യാപകന്റെ ചുമതലയിലെത്തിയ ഗണിതാധ്യാപകൻ കൂടിയായ അദ്ദേഹം സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സൂക്ഷ്മമായി ഇടപെടുകയും വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന അച്ചടക്കരാഹിത്യങ്ങളെ ഫലപ്രദമായി പരിഹരിക്കുകയും ചെയ്തു. അധ്യാപകർക്ക് യഥാസമയം ആവശ്യമായ നിർദേശങ്ങൾ നൽകുകയും ഒരു അഡ്മിനിസ്ട്രേറ്ററുടെ കാര്യക്ഷമത കൃത്യമായി പ്രകടിപ്പിക്കുകയും ചെയ്തു. വിജയശതമാനത്തിൽ മുന്നേറ്റങ്ങൾ ഉണ്ടാക്കുവാനും വിദ്യാലയപ്രവർത്തനങ്ങളെ ശരിയാം വിധം മുന്നോട്ട് കൊണ്ട് പോകാനും അദ്ദേഹത്തിന്റെ ശ്രമവും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും ആത്മാർത്ഥമായ സഹകരണവും ഒത്തു വന്നപ്പോൾ സാധ്യമായി.

1997 ലാണ് കണിയാമ്പറ്റ ഗവ:ഹൈസ്കൂളിൽ ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചത്. ജനകീയ ഇടപെടലുകളിലൂടെ ഹയർസെക്കണ്ടറി അനുവദിച്ചു കിട്ടിയതോടെ വിദ്യാലയം പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യം ഇല്ലാതായി. നാട്ടുകാരുടെ സഹകരണത്തോടെ സ്കൂളിന്റെ പ്രധാന കെട്ടിടത്തോട് ചേർന്ന് പ്രവേശന കവാടത്തിന് സമീപമായി മൂന്ന് ക്ലാസുകൾ പ്രവർത്തിക്കാനാവശ്യമായ താൽക്കാലിക ഷെഡ് പണിതു. ഇക്കാലയളവിൽ സർവ്വ ശ്രീ വി പി മുഹമ്മദ്, ഒ പി അബ്ദു റഹ്മാൻ ഹാജി, ഡോ അമ്പി ചിറയിൽ എന്നിവരെല്ലാം നേതൃനിരയിൽ അണിനിരന്നു കൊണ്ടുള്ള ഒരു പ്ലസ് ടു ഡെവലപ്മെന്റ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. കമ്മറ്റി പൊതുജന സഹകരണത്തോടെ മൂന്ന് ക്ലാസ് മുറി സൗകര്യമുള്ള ഒരു ഷെഡ് പ്രധാന കെട്ടിടത്തിന്റെ പിന്നിലായി പണിതു. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിനാണ് അപേക്ഷിച്ചിരുന്നതെങ്കിലും സയൻസും കൊമേഴ്സും ഹ്യൂമാനിറ്റീസും ഗ്രൂപ്പുകൾ അനുവദിച്ച് കിട്ടിയതോടെ മൂന്ന് ബാച്ചുകളും ഇവിടെ പ്രവർത്തിച്ചു തുടങ്ങി. പിന്നീട് സയൻസിനും കൊമേഴ്സിനും ഓരോ അധിക ബാച്ചുകൾ കൂടി ലഭ്യമാക്കാൻ ഇന്നാട്ടുകാർക്കായി. കിണർകൂടി ലഭ്യമാവുകയും സ്കൂൾ പ്രവേശന കവാടത്തിനടുത്തായി കിണർ കുഴിക്കുകയും കുടിവെള്ളവിതരണം സാധ്യമാവുകയും ചെയ്തു.

സ്കൂൾ ഓഡിറ്റോറിയം ഒരു സ്വപ്നമായിരുന്നു. ദീർഘമായ ഇടപെടലുകളുടെ ഒടുവിൽ ശ്രീമതി സി എം സരസമ്മ ടീച്ചർ ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലയളവിൽ നബാഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ വിദ്യാലയത്തിന് അനുവദിച്ചുകിട്ടി. 2019 ൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആയ ഈ വിദ്യാലയം നാട്ടുകാരുടെയും പി ടി എ യുടെയും സഹകരണത്തോടെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

**അബ്ദുൾ ഗഫൂർ എൻ**

## മെഴുകുതിരി നിർമാണശലയിൽ









# ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക്......



AHAMMED RAFEEF



VINAYAK S PRASAD


Thank You!